## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 66      09.03.2016-ൽ മറുപടിയ്ക്ക്

## ശമ്പള കമ്മീഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) | |
| (എ) | ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സമരസമിതി, സൂചന പണിമുടക്ക് സമരം നടത്തുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നോ; | (എ) | ഉണ്ട്. |
| (ബി) | പണിമുടക്ക് നോട്ടീസ് നൽകിയ ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ നേതാക്കളെ വിളിച്ച് ചർച്ച ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | (ബി) യും (സി) യും | ഇടക്കാലാശ്വാസവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ നേതാക്കളുമായി ചർച്ച നടത്തിയിട്ടില്ല.<br>സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയമിച്ച ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്. അതിനാൽ ഇടക്കാലാശ്വാസം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ജീവനക്കാരുടെയും അധ്യാപകരുടെയും ന്യായമായ ആവശ്യം പരിഗണിച്ച് ഇടക്കാലാശ്വാസം നല്കാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ